# MALAYALA MANORAMA - 26-06-2025

## ശിൽപശാല ഇന്ന്

കൊച്ചി● സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിഷറീസ് ടെക്നോളജിയിൽ (സിഫ്റ്റ്) ഇന്നു മത്സ്യമേഖലയിലെ 'ട്രേസബിലിറ്റി'യെ കുറിച്ചു ശിൽപശാല നടത്തും.

ഏഷ്യൻ ഫിഷറീസ് സൊസൈറ്റിയുടെ ഇന്ത്യൻ ശാഖയുമായി സഹകരിച്ചു നടത്തുന്ന ശിൽപശാല കേന്ദ്ര ഫിഷറീസ് വകുപ്പ് ജോയിന്റ് സെക്രട്ടറി സാഗർ മെഹ്റ ഉദ്ഘാടനം ചെയ്യും.

മത്സ്യവിപണന ശൃംഖലകളിൽ ട്രേസബിലിറ്റി നടപ്പാക്കുന്നതിനുള്ള ഫ്ലോ ചാർട്ട്, സാങ്കേതികവിദ്യ, ഭക്ഷ്യസുരക്ഷാ ഡേറ്റ തുടങ്ങി വിഷയങ്ങൾ ശിൽപശാലയിൽ ചർച്ച ചെയ്യും.